B1-10999/19

# വകുപ്പുതല കണക്കുപരിശോധന റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മല്ലപ്പള്ളി-പത്തനംതിട്ട

| | |
|---|---|
| പരിശോധന തീയതി | : 21.01.2019 മുതൽ 25.01.2019 വരെ |
| പരിശോധന കാലയളവ് | : 1.04.2013 മുതൽ 31.03.2018 വരെ |
| പരിശോധന വിഭാഗം ഫിനാൻസ് | : ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധന ടീമിൽ പങ്കെടുത്തവർ | : 1) കെ.കെ. പ്രസാദ് (സീനിയർ സൂപ്രണ്ട്) |
| | 2) ധനേഷ്. ടി.എസ് (സീനിയർ ക്ലാർക്ക്) |

**പരിശോധന കാലയളവിൽ ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥർ**

പട്ടികജാതി വികസന ഓഫീസർമാർ

| | |
|---|---|
| 1. ശ്രീ. സിയാദ്. K. | : 24-09-2012 മുതൽ 07.02.2017 വരെ |
| 2. ശ്രീ. നിഷാദ്. S. R | : 08-02-2017 മുതൽ 07-11-2017 വരെ |
| 3. ശ്രീ. ഷാജി. D. | : 08-11-2017 മുതൽ 10-01-2018 വരെ |
| 4. ശ്രീ. വിഷ്ണു. S | : 11-01-2018 മുതൽ തുടരുന്നു. |

**ആമുഖം.**

പത്തനംതിട്ട ജില്ലയിലെ താരതമ്യേന പട്ടികജാതി ജനസംഖ്യ കൂടിയ ഒരു ബ്ലോക്കാണ് മല്ലപ്പള്ളി ബ്ലോക്ക്. ഇവിടെ വനത്തിൽ 2 ഉം, റവന്യൂ പുറമ്പോക്കിൽ 3 ഉം, മറ്റ് പ്രദേശങ്ങളിലെ 137 ഉംഉൾപ്പെടെ ആകെ 142 സങ്കേതങ്ങൾ നിലവിലുണ്ട്. ഈ സങ്കേതങ്ങളിലായി 1776 കുടുംബങ്ങളും ഒറ്റപ്പെട്ട അവസ്ഥയിലുള്ള 924 കുടുംബങ്ങളും ഉൾപ്പെടെ ആകെ 2700 ഓളം പട്ടികജാതി കുടുംബങ്ങളും നിലവിലുണ്ട്. സങ്കേതങ്ങളിലെ കുടുംബങ്ങളിലെ ജനസംഖ്യ 7656 ഉം, ഒറ്റപ്പെട്ട സ്ഥലങ്ങളിലെ കുടുംബങ്ങളിലെ ജനസംഖ്യ 3937 ഉം ഉൾപ്പെടെ 11593 പേർ അധിവസിക്കുന്നു.

പുലയൻ, ചേരമർ, പറയൻ, സാംബവർ, വേലൻ, വണ്ണാൻ, മണ്ണാൻ, കുറവർ, സിദ്ധനർ, കുറവ, വേടൻ, ചക്കിലിയൻ, കാക്കാലൻ എന്നീ വിഭാഗങ്ങളിൽ പുലയൻ, ചേരമർ എന്നിവർ കൂടുതലായി കണ്ടു വരുന്നു. നിലവിൽ ഏകദേശം 57 ഓളം ഭൂരഹിത കുടുംബങ്ങളും 62 ഓളം ഭവന രഹിത കുടുംബങ്ങളും ഉള്ളതായി 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. എസ്.എസ്.എൽ.സിയും അതിനു മുകളിലും

(ഡിഗ്രി, പി.ജി ഉൾപ്പെടെ) വിദ്യാഭ്യാസയോഗ്യതയുള്ള ധാരാളം പേർ തൊഴിൽ രഹിതരായുണ്ട്. ടി സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്ന കൂടുതൽ വസ്തുതകൾ പൂർത്തിയാക്കാനുള്ള വീടുകൾ 395 (സങ്കേതങ്ങളിൽ 229, ഒറ്റപ്പെട്ടവ 166), ശുചിമുറി ഇല്ലാത്ത 125 വീടുകൾ, ഉപയോഗ യോഗ്യമല്ലാത്ത ശുചിമുറിയുള്ള 195 വീടുകൾ, വൈദ്യുതി ലഭ്യമല്ലാത്ത വീടുകൾ (സങ്കേതങ്ങളിൽ 105, ഒറ്റപ്പെട്ടവ 25) സങ്കേതങ്ങളിൽ സ്ഥിതിചെയ്യുന്ന കുടുംബങ്ങളേക്കാൾ ഒറ്റപ്പെട്ട അവസ്ഥയിലുള്ള കുടുംബങ്ങൾ മെച്ചപ്പെട്ട അവസ്ഥയിലാണ് എന്ന് മനസ്സിലാകുന്നു.

പട്ടികജാതി സങ്കേതങ്ങളിൽ/വ്യക്തികളുടെ ഇടയിൽ സാധാരണ കണ്ടു വരാറുള്ള എല്ലാവിധ അടിസ്ഥാന പ്രശ്നങ്ങളും ഇവിടേയും നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്ക് മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടുന്ന വരുടേയും പ്രൊഫഷണൽ കോഴ്സിന് പ്രവേശനം നേടുന്നവരുടേയും എണ്ണം ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമാണെന്ന് കാണാം. കമ്പ്യൂട്ടർ സാക്ഷരതയുടെ കുറവ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നതിൽ കാണിക്കുന്ന താൽപര്യക്കുറവ്, പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കപ്പെടാതെ അന്യം നിന്നു പോകുന്ന അവസ്ഥ എന്നിവ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണങ്ങളാണ്. ഉപജീവിതത്തിന് കൂലി വേലയെ മുഖ്യമായി ആശ്രയിക്കുന്നവരാണ് ഭൂരിഭാഗ മാളുകളും. ഈ അവസ്ഥക്ക് മാറ്റ മുണ്ടാകണമെങ്കിൽ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം വരുമാന വർദ്ധനവിലൂടെ ഉയർത്തുന്നതിനുതകുന്ന സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭി ക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി. ഫണ്ട് കൂടുതൽ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപദേശവും പ്രേരണയും നൽകാൻ നിർദ്ദേശിക്കുന്നു.

## ഫീൽഡ് തല പരിശോധന

ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ ഫീൽഡ് തല പരിശോധന (സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. എം. മുഹമ്മദ് ഹാരീസിന്റെ നേതൃത്വത്തിൽ) വിവിധ വർഷങ്ങളിൽ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളെ സന്ദർശിച്ചത് സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

8. ശ്രീ. അജിത്കുമാർ, ഉപ്പോളിക്കൽ, കൊറ്റനാട്-2017-18

9. ശ്രീമതി. സുശീലവാസു, തുണ്ടുപറമ്പിൽ, ആനിക്കാട്-2017-18

ഈ 9 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

സി.പഠനമുറി

2017-18 സാമ്പത്തിക വർഷം പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1.കുമാരി. അർച്ചനാസുകു d/o സുകു, ചെറുകാപ്പുര, വായ്പ്പൂര്

2.കുമാരി. കാവ്യമോൾ.എം.വി, മാങ്ങാക്കുഴിയിൽ, മല്ലപ്പള്ളി

3.വിഷ്ണു.പി s/o അനിൽകുമാർ, പൊട്ടൻമൂലയ്ക്കൽ, കല്ലൂപ്പാറ

മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്റ്റിമേറ്റ് അനുസരിച്ച് ആണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

ഡി.ഭവന പുനരുദ്ധാരണം.

ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. ശ്രീ. സുരേന്ദ്രൻ.പി.കെ, വള്ളിക്കാട്ടുകുന്നേൽ, മാന്താനം. പി. ഒ-2014-15

2. ശ്രീമതി. രുദ്രാണി.പി.ജി, രാജേഷ്ഭവൻ, കവിയൂർ. പി. ഒ-2014-15

3.ശ്രീ. സോമൻ.കെ.കെ, കാട്ടുവിളാംമ്പാറയിൽ, കവിയൂർ. പി. ഒ-2015-16

4.ശ്രീ. കെ.ആർ.കൃഷ്ണൻ, കൊച്ചുപുരയ്ക്കൽ, കീഴ് വായ്പ്പീര്,-2016-17

മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്റ്റിമേറ്റ് അനുസരിച്ച് ആണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി.

തിരുവല്ല നിയോജകമണ്ഡലത്തിലെ കുന്നന്താനം ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട മുക്കട പട്ടികജാതി കോളനി സന്ദർശിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള 1/3 പണി പോലും ഇവിടെ പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു. 70 കുടുബങ്ങൾക്ക് 2 എൽ.ഇ.ഡി ബൾബോടു കൂടിയ സോളാർ പാനൽ നൽകുന്നതിന് എസ്റ്റിമേറ്റിൽ വക കൊള്ളിച്ചിരുന്നു. ഇവയുടെ

## എ. ഭൂരഹിത പുനരധിവാസം.

വിവിധ വർഷങ്ങളിൽ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

1. ശ്രീ. സുരേഷ്കുമാർ.റ്റി, കോലാനിക്കൽ, കല്ലൂപ്പാറ. പി. ഒ-2013-14

2. ശ്രീമതി. അഞ്ജന.റ്റി, ഐശ്വര്യഭവൻ, വെള്ളയിൽ. പി.ഒ-2013-14

3. ശ്രീ. അജിത്കുമാർ.കെ.ആർ, കാവുംപടിചരിവുകാലയിൽ, കൊറ്റനാട്. പി.ഒ-2014-15

4. ശ്രീമതി. ശാന്തി.എ, തോന്നിപ്പാറ, കോട്ടങ്ങൽ-2014-15

5. ശ്രീമതി. ബിജുമോൾ.വി.സി, വട്ടക്കാവിൽഹൗസ്, പെരുംമ്പട്ടി-2015-16

6. സതി. എം.കെ, മറ്റയ്ക്കാട്ടുകുഴി, പാലയ്ക്കാത്തകിടി-2016-17

7. ശ്രീമതി. ഉഷ.പി.ആർ, ആനിയ്ക്കൽവീട്, ചെങ്ങരൂർ.പി.ഒ-2016-17

8.രജ്ഞിത്.എം.റ്റി, മണിക്കുഴി, മല്ലപ്പള്ളി,-2017-18

9.സജിത. എസ്, വള്ളിക്കാട്പുതുവൽപറമ്പിൽ, പാലയ്ക്കാത്തകിടി.പി.ഒ-2017-18

വീട് നിർമ്മിക്കാൻ പര്യാപ്തമായ നല്ലസ്ഥലമാണ് ഇവർ വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## ബി. ഭവനിർമ്മാണധസഹായം

വിവിധ വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. ശ്രീ. സുനിൽ.വി.കെ, വള്ളിയാംകുളം, മല്ലപ്പള്ളി-2013-14

2. ശ്രീമതി. രജനികുമാരി, ഒറ്റക്കൈതയിൽ, മള്ളപ്പള്ളി-2013-14

3. ശ്രീ. രാജപ്പൻ.കെ.ജി, കൊളക്കാട്ടിൽവീട്, തുരുത്തിക്കാട്-2014-15

4. ശ്രീമതി. ശാലിനി.പി.ജി, രാജേഷ്ഭവൻ, കവിയൂർ.പി.ഒ-2014-15

5. ശ്രീ. ഷൈൻ.എൻ.തമ്പി, നടുവത്ത്ഹൗസ്, വായ്പ്പൂര്-2015-16

6. സതി.എം.സി, പടുവക്കുഴി, മല്ലപ്പള്ളി-2016-17

7. ശ്രീമതി. സബിതാമണി, കാഞ്ഞിരംതീൽക്കുംപുരയിൽ, കവിയൂർ-2016-17

ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ ഇവയുടെ പ്രവർത്തനം സംബന്ധിച്ച് വ്യാപകമായ പരാതിയുള്ളതായി മനസ്സിലാക്കുന്നു. എസ്റ്റിമേറ്റിൽ വക കൊള്ളിച്ചിരുന്ന മറ്റൊരു പദ്ധതി സംരക്ഷണ ഭിത്തി നിർമ്മാണമായിരുന്നു. ഇതിൽ ഏകദേശം 35% പണി പൂർത്തീകരിച്ചതായികാണുന്നു. റോഡുൾ ഉൾപ്പെടെയുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. നിലവിൽ ഈ പദ്ധതിയുടെ നിർമ്മാണം നിർത്തി വെച്ചിരിക്കുകയാണ്. ടി പദ്ധതി സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

വിഞ്ജാനവാടി.

കൊറ്റനാട് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച വിഞ്ജാൻവാടി സന്ദർശിച്ചു. നിർമ്മാണാരംഭത്തിലുണ്ടായിരുന്ന സൗകര്യങ്ങളല്ലാതെ യാതൊരുവിധ അടിസ്ഥാന സൗകര്യ വികസനവും ഇവിടെയുണ്ടായിട്ടില്ലെന്ന് മനസിലാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി.ഫണ്ട് വിനിയോഗിച്ച് കാലാനുസൃതമായ പരിഷ്കാരങ്ങൾ ഏർപ്പാടാക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി.

റാന്നി നിയോജക മണ്ഡലത്തിലെ കുറ്റനാട് ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട ചന്തോലിൽ പട്ടികജാതി കോളനി സന്ദർശിച്ചു. ജില്ലാനിർമ്മിതി കേന്ദ്രമാണ് തിരുവല്ല നിയോജക മണ്ഡലത്തിലെ കുന്നന്താനം ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട മുക്കട പട്ടികജാതി കോളനി സന്ദർശിച്ചത് ഏജൻസി എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വർക്കുകളുടെ പുരോഗതി ചുവടെപറയുന്നു.

1. കൾച്ചറൽ സെന്റർ .

കോളനിയിൽ നിലവിലുണ്ടായിരുന്ന പഴയ കമ്മ്യൂണിറ്റി ഹാളിന് മുകളിലായാണ് ഇതിന്റെ നിർമ്മാണം. കോൺക്രീറ്റ്, പ്ലാസ്റ്ററിംഗ് എന്നിവ പൂർത്തിയായതായി കാണുന്നു. ഫ്ളോറിംഗ്, വയറിംഗ്, പ്ലംബിംഗ്, പെയിന്റിഗ് എന്നീ വർക്കുകൾ ആരംഭിച്ചിട്ടില്ല.

2. ഫാമിലി വെൽഫെയർ സെന്റർ.

നിർമ്മാണം പുരോഗമിക്കുന്നു.

3. വീടുകളുടെ പുനരുദ്ധാരണം.

14 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായതായി കാണുന്നു.

4. സംരക്ഷണ ഭിത്തി

11 കുടുംബങ്ങളുടെ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയായതായി കാണുന്നു.

5. റോഡ് ടാറിംഗ്.

പൂർത്തിയായതായി കാണുന്നു.

6. റോഡ് കോൺക്രീറ്റ്.

വർക്കുകൾ ആരംഭിച്ചിട്ടില്ല.

ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

**മുൻ ഓഡിറ്റ് സംബന്ധിച്ച്.**

**(എ) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന .**

31-05-2016 വരെയുള്ള കാലയളവ് ഏ. ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്. ഇതിന്മേലുള്ള റിപ്പോർട്ട് 27-07-2016 ന് എസ്.സി.ഡി.ഒ യ്ക്ക് ലഭ്യമാക്കുകയും അതിന്റെ വെളിച്ചത്തിൽ 09-01-2017 ന് മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. കൂടാതെ മുൻ ഓഡിറ്റുകളുടെ തീർപ്പാക്കാനുണ്ടായിരുന്ന ഖണ്ഡികകൾക്കും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഈ മറുപടികളുടെ വെളിച്ചത്തിൽ ചുവടെ പറയുന്നവയൊഴികെ തീർപ്പാക്കിയതായും കാണുന്നു.

1. OA(HQ)IV/II/12-54/15-16 Part II B Para I.

2. OA(HQ)IV/II/12-50/16-17 Part II B Para I to III

തീർപ്പാക്കാനുള്ള ഖണ്ഡികകൾക്ക് അന്തിമ മറുപടി നൽകി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

(ബി). വകുപ്പ് തല പരിശോധന.

01-04-2011 മുതൽ 31-03-2013 വരെയുള്ള കാലയളവ് ആഭ്യന്തര പരിശോധനാ വിഭാഗം ഫിൻ-ഇ, പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്

| ബിൽ നമ്പർ | തുക |
|---|---|
| 302/PEA/17-18 | 8,14,000/- |
| 303/L.S.G/17-18 | 32,770/- |
| 304/E.P/17-18 | 62,778/- |
| 305/NSEP/17-18 | 53279/- |

ക്യാഷ് ബുക്കിൽ ചെലവു വിവരം രേഖപ്പെടുത്തുമ്പോൾ ബിൽ നമ്പർ രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

24/4/12 മുതൽ ആരംഭിക്കുന്ന ക്യാഷ് ബുക്കിൽ 68, 124, 162, 191, 192 പേജുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു എന്നാൽ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല ദിവസങ്ങളിലെയും ഇടപാടുകൾ ഒരു പേജിൽ എഴുതുന്നതായും Foot Note രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

18/5/15 മുതൽ ആരംഭിക്കുന്ന ക്യാഷ് ബുക്കിൽ 15, 16, 17, 54 പേജുകൾ ക്യാൻസൽ ചെയ്തതായി കാണുന്നു. എന്നാൽ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

21/2/17 മുതൽ ആരംഭിക്കുന്ന ക്യാഷ് ബുക്കിൽ 15, 16 ,17, 54 പേജുകൾ ക്യാൻസൽ ചെയ്തതായി കാണുന്നു. എന്നാൽ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പ്രൊമോട്ടേഴ്സ് അക്വിറ്റൻസ് രജിസ്റ്റർ

2009-10 മുതൽ 2016-17 വരെ പരിപാലിച്ചു വന്നിരുന്ന അക്വിറ്റൻസ് രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നു മാത്രമല്ല പേജ് നമ്പർ 58 വരെ രേഖപ്പെടുത്തി തുടർന്നുള്ള പേജുകൾ രേഖപ്പെടുത്താതെ ഇട്ടിരിക്കുന്നു. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബിൽ നമ്പർ 507/Hon/15-16 ബില്ലിൽ ഉൾപ്പെട്ട കുമാരി അമ്പിളി ദാമോധരന് 4500/ -രൂപ ട്രഷറിയിൽ നിന്ന് തേർച്ച ചെയ്യുകയും ആയത് ക്യാഷ്ബുക്കിൽ വരവ് ചെലവ് ഇനത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അമ്പിളി ദാമോധരൻ 4333/-രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളു എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

എം.ബി.691/18 തീയതി. 31-12-2018 പ്രകാരം മറുപടി നൽകിയതായി കാണുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല.

31-03-2011 വരെയുള്ള പരിശോധന വകുപ്പുതലത്തിൽ നടത്തിയിട്ടുണ്ടെങ്കിലും ഈ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ട് ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലെന്നും അതിനാൽ ടി ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ എസ്.സി.ഡി.ഒ ആവശ്യപ്പെട്ടിട്ടുണ്ട്.

## പാർട്ട് II

## ക്യാഷ് ബുക്കും അനുബന്ധ രേഖകളും

### 1.ബിൽബുക്ക് & ക്യാഷ്ബുക്ക്

മല്ലപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിലവിൽ ഉപയോഗിച്ച് വരുന്ന ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 21/1/19 വരെ ക്യാഷ് ബുക്ക് എഴുതിയതായും CLOSING BALANCE NIL ആണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്

22/3/2014 തീയതിയിൽ മാറിയ 382/- രൂപയുടെ ബില്ലിന്റെ ബിൽ നമ്പർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14/5/15 മുതൽ 17/5/15 വരെയുള്ള ഇടപാടുകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ ഇടപാടുകൾ നടത്താത്ത ദിവസങ്ങളിൽ No Transaction വിവരം രേഖപ്പെടുത്തി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

23/12/2015 ൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ബിൽ നമ്പർ 891/LL/15-16 പ്രകാരമുള്ള 375000/-രൂപയുടെ ബില്ല് ടി തീയതിയിൽ ട്രഷറി ആഫീസർ പാസാക്കിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

30/6/17 ൽ പാസാക്കിയിരിക്കുന്ന ചുവടെ പറയുന്ന ബില്ലുകൾ രണ്ട് പേജുകളിലായി ഒരേ തീയതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ശേഷിക്കുന്ന 167/- രൂപയെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

പ്രൊമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം എസ്.സി.ഡി.ഒ ഇനിഷ്യൽ ചെയ്യുകയോ തുക വിതരണം ചെയ്യുന്നത് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3. അപ്രന്റീസ് ക്ലാർക്ക് അക്വിറ്റൻസ് രജിസ്റ്റർ

2017-18 മുതൽ ആരംഭിച്ച് വരുന്ന അപ്രന്റീസ് ക്ലാർക്ക് അക്വിറ്റൻസ് രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എസ്.സി.ഡി.ഒ തുക വിതരണം ചെയ്യുന്നത് ഇനിഷ്യൽ ചെയ്യുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. അക്വിറ്റൻസ് (ജീവനക്കാര്യം)

5/7/12 മുതൽ 11/9/13 വരെയും, 12/9/13 മുതൽ 29/11/14 വരെയും 19/2/16 മുതൽ പരിപാലിച്ച് വരുന്നതുമായ ജീവനക്കാരുടെ സാലറി അക്വിറ്റൻസ് രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

12/9/13 മുതൽ ആരംഭിക്കുന്ന സാലറി അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് നമ്പർ 13 ക്യാൻസൽ ചെയ്തിരിക്കുന്നു എന്നാൽ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1/12/14 മുതൽ 19/2/16 വരെ കൈകാര്യം ചെയ്ത് വന്നിരുന്ന സാലറി അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് നമ്പർ 90, 91, 92, 95 കളിൽ വിതരണം ചെയ്തിട്ടുള്ള തുകകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21/2/17 മുതൽ ആരംഭിക്കുന്ന ക്യാഷ് ബുക്കിൽ പേജ് നമ്പർ 28, 54, 59 ക്യാൻസൽ ചെയ്തതായി കാണുന്നു. എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 5. അക്വിറ്റൻസ് (ലംപ്സം ഗ്രാന്റ് രജിസ്റ്റർ)

ലംപ്സം ഗ്രാന്റ് രജിസ്റ്റർ അക്വിറ്റൻസ് രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്ന തുകകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ 124/L.S.G.S.C/13-14 പ്രകാരം ലംപ്സം ഗ്രാന്റ് വിതരണത്തിന് മാറിയ 10,00,000/-രൂപയിൽ 25/6/13-ൽ ക്യാഷ്ബുക്ക് പ്രകാരം 44250/-രൂപ വിതരണം ചെയ്തതായും Abstract പ്രകാരം 44750/-രൂപ വിതരണം ചെയ്തതായും കാണുന്നു വിശദീകരണം നൽകേണ്ടതാണ്.

## 6. ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് ഡെവലപ്പ്മെന്റ് സ്കീം രജിസ്റ്റർ

2010-11 മുതൽ 2014-15 വരെ കൈകാര്യം ചെയ്തു വന്നിരുന്ന രജിസ്റ്റർ കീറി പറിഞ്ഞ് മോശാവസ്ഥയിലാണ്. ആയത് ബൈൻഡ് ചെയ്ത് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 7. പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്റർ

26/6/12 മുതൽ 13/8/15 വരെ ഉപയോഗിച്ച് വന്നിരുന്ന പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററിൽ വിവാഹധനസഹായം, മിശ്രവിവാഹധനസഹായം, ടോയ്ലെറ്റ് ഗ്രാന്റ്, സ്വയം തൊഴിൽ പദ്ധതി, ഭവനനിർമ്മാണ ധനസഹായ പദ്ധതി, ഭൂരഹിത പുനരധിവാസ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി, ട്യൂഷൻഫീസ് റീ ഇംബേഴ്സ് മെന്റ്, ലംപ്സം ഗ്രാന്റ്, ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് ഡെവലപ്പ്മെന്റ് സ്കീം, പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി, വിജ്ഞാൻ വാടി മുതലായവ വിതരണം ചെയ്തിരിക്കുന്നു.

ടി രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പേജ് നമ്പർ 120, 121, 184 പേജുകൾ ഒന്നും രേഖപ്പെടുത്താതെ ഇട്ടിരിക്കുന്നു. ആയത് ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഒട്ടുമിക്ക പേജുകളിലും എസ്.സി.ഡി.ഒ തുക വിതരണം ചെയ്യുന്നത് ഇനിഷ്യൽ ചെയ്യുകയോ Abstract എഴുതിസാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

25/8/15 മുതൽ ആരംഭിച്ചു വരുന്ന പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 13-ാംമത്തെ പേജ് ക്യാൻസൽ ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2016-17,2017-18 വർഷങ്ങളിൽ വിതരണം ചെയ്യുന്ന തുകകൾക്ക് വിതരണ രജിസ്റ്റർ പരിപാലിക്കുന്നില്ല. ബിൽ കോപ്പികൾ തന്നെയാണ് അക്വിറ്റൻസ് ആയി ഈ ഓഫീസിൽ സൂക്ഷിച്ച് വരുന്നത്.

## പാർട്ട് III(A)

### വിവിധ പദ്ധതികൾ സംബന്ധിച്ച്.

### 1. ഭൂരഹിത പുനരധിവാസ പദ്ധതി

1. 2013-14 വർഷംമുതൽ 2017-18 വർഷംവരെ. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താളുടെ എണ്ണം | അനുവദിച്ച തുക | വാങ്ങിയ സ്ഥലിന്റെ അളവ് |
|---|---|---|---|
| 2013-14 | 28 | 42,00,000/-(28X1,50,000/-) | 99 സെന്റ് |
| 2014-15 | 17 | 63,75,000/-(17X3,75,000/-) | 96.9 സെന്റ് |
| 2015-16 | 22 | 82,50,000/-(22X3,75,000/-) | 1 ഏക്കർ 18.4 സെന്റ് |
| 2016-17 | 24 | 90,00,000/-(24X3,75,000/-) | 1 ഏക്കർ 26.5 സെന്റ് |
| 2017-18 | 19 | 70,87,500/-(18X3,75,000/-, 1X3,37,500/-) | 1 ഏക്കർ 4 സെന്റ് |

1. 2013-14 വർഷം മുതൽ 2017-18 സാമ്പത്തികവർഷം വരെയുള്ള ഓഡിറ്റ് കാലയളവിൽ ഗുണഭോക്തൃരജിസ്റ്റർ ഭേദപ്പെട്ട രീതിയിൽ പരിപാലിച്ചിട്ടുള്ളതായി കാണുന്നു.

2. ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ ടി രജിസ്റ്ററിൽ പതിക്കാത്ത ചില ഗുണഭോക്താക്കളുള്ളതായി കാണുന്നു.

2016-17

എ) ശ്രീ. രാജുമോൻ.എൻ.ആർ, നടുക്കേപ്പറമ്പിൽ, പെരുംപെട്ടി. പി.ഒ

ബി) ശ്രീമതി. എം.ജെ.വൽസല, പയറുകാല, പാടിമൺ.പി.ഒ

2017-18.

എ. ശ്രീ. അനീഷ്.എം.റ്റി, മൈലാടുംപാറ, തോട്ടഭാഗം. പി.ഒ,

ബി. ശ്രീ. സുരേഷ്.എം.എം, മടുക്കമണ്ണിൽ, പുന്നവേലി,

സി. ശ്രീ.സതീഷ്കുമാർ.പി.റ്റി, നെടിയമാക്കൽ, പുളിയിലയ്ക്കൽ,

ഡി. ശ്രീ.മനീഷ്ലാൽ, തെക്കുംപ്ലാക്കൽ, പെരുംപെട്ടി.പി.ഒ

ടി ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിച്ച് വിവരം അറിയിക്കേണ്ടതാണ്.

3. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട നടപടി ക്രമങ്ങളിലൊന്നാണ് ഗുണഭോക്താവും (ഒന്നാംകക്ഷി) കേരളാ ഗവർണ്ണർക്ക് വേണ്ടി എസ്.സി.ഡി.ഒ യും (രണ്ടാം കക്ഷി) തമ്മിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ (നിശ്ചിത മാതൃകയിൽ എഴുതിയോ, ടൈപ്പ്ചെയ്തോ) ഏർപ്പെടുന്ന കരാർ. ഇവിടെ ഗുണഭോക്താക്കൾ മുദ്രപ്പത്രം വാങ്ങി നൽകിയിട്ടുണ്ട്. നിശ്ചിത മാതൃകയിൽകരാർ വ്യവസ്ഥകൾ പ്രിന്റ് ചെയ്ത് ഗുണഭോക്താക്കൾ ഒപ്പിട്ടു നൽകിയിട്ടുമുണ്ട്. എന്നാൽ എസ്.സി.ഡി.ഒ ഒപ്പിട്ട് കരാർ നിയമ വിധേയമാക്കിയിട്ടില്ലാത്ത ധാരാളം അപേക്ഷകൾ കാണുകയുണ്ടായി. രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിലാണ് കരാറിൽ ഏർപ്പെടേണ്ടത് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

4. 2005- 06 വർഷം മുതൽ 2012-13 വർഷം വരെയുള്ള ധാരാളം ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കുന്നതായി കാണുന്നു. അവയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആധാരങ്ങളുടെ എണ്ണം |
|---|---|
| 2005-06 | 7 |
| 2007-08 | 1 |
| 2008-09 | 2 |

| | |
|---|---|
| 2009-10 | 2 |
| 2010-11 | 4 |
| 2011-12 | 9 |
| 2012-13 | 11 |

അനുവദിച്ചു നൽകിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂട്ടി കരമടച്ചു കഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല. ആധാരങ്ങൾ തിരികെ നൽകുമ്പോൾ ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി ഗുണഭോക്താക്കളെകൊണ്ട് ഒപ്പിടുവിക്കേണ്ടതാണ്. (വകുപ്പ് ഡയറക്ടറുടെ 19-08-2015ലെ A3-16352/15 കത്ത് പ്രകാരം ഈ വിവരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരേയും അറിയിച്ചിട്ടുള്ളതാണ്.) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ശ്രീ.അനീഷ്.എം.റ്റി, മൈലാടുംപാറ, തോട്ടഭാഗം.പി.ഒ എന്ന ഗുണഭോക്താവിന്റെ ഭാര്യ ശ്രീമതി ബീനയ്ക്ക് ചെങ്ങന്നൂർ ബ്ലോക്കിൽനിന്നും ഭവനനിർമ്മാണം/പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചതായി സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിൽനിന്നും വ്യക്തമാണ്. എന്നിട്ടും ടിയാൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ധനസഹായം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

6. ഫയലുകളുടെ പരിപാലനം തൃപ്തികരമാണ്. പരിശോധനാകാലയളവിൽ 2015-16 വർഷംവരെ ഗുണഭോക്തൃവിവരം സാധൂകരിച്ചുകൊണ്ടുള്ള മേൽ ഓഫീസറുടെ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. പിന്നീട് ഈ രീതി അവലംബിച്ചിട്ടുള്ളതായി കാണുന്നില്ല.

7. അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് ആനുകൂല്യം അനുവദിച്ച ഉത്തരവുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 4 വർഷത്തേയും യു.സി അയച്ച വിവരം ഫയലിൽ ലഭ്യമല്ല. യു.സി.അയച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2.ദുർബ്ബലവിഭാഗങ്ങൾക്കുള്ളഭൂരഹിത പുനരധിവാസ പദ്ധതി-

1. വേടർ വിഭാഗത്തിൽപ്പെട്ട ആളുകൾ ഇവിടെ അധിവസിക്കുന്നുണ്ടെങ്കിലുംപരിശോധനാ കാലയളവിൽ ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല.

## 3.ഭവന നിർമ്മാണ ധനസഹായം.

1. 2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോ ഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവന ങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | 1 | I | II | III |
| 2007-08 | 77 | 79 | 1 | -- | 1 | -- |
| 2008-09 | 101 | 98 | 2 | -- | 2 | -- |
| 2009-10 | 45 | 44 | 1 | -- | 1 | -- |
| 2010-11 | 48 | 47 | 1 | -- | -- | 1 |
| 2011-12 | 18 | 17 | 1 | -- | -- | 1 |
| 2012-13 | 23 | 22 | 1 | -- | -- | 1 |
| 2013-14 | 33 | 32 | 3 | -- | 1 | 2 |
| 2014-15 | 26 | 23 | 3 | -- | 1 | 2 |
| 2015-16 | 34 | 28 | 6 | 1 | 2 | 3 |
| 2016-17 | 65 | 41 | 24 | 10 | 7 | 7 |
| 2017-18 | 38 | 21 | 17 | 5 | 10 | 2 |
| ആകെ | 508 | 449 | 60 | 16 | 25 | 19 |

2. 2007-08 വർഷം മുതൽ 2017-18 വർഷംവരെ അനുവദിച്ച 508 വീടുകളിൽ 449 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്(88.38%).ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്ന ഗുണഭോക്താ ക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാ ണ്.

3.അവശേഷിക്കുന്ന വീടുകളിൽ എത്രയെണ്ണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യെന്നും അതിൽ പൂർത്തിയായവ എത്രയെന്നും റിപ്പോർട്ട്ചെയ്യേണ്ടതാണ്.

4.അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്ത രവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ രേഖപെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചി ട്ടുണ്ട്.

5.യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്

6. ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

**4.ദുർബ്ബലവിഭാഗങ്ങൾക്കുള്ള.ഭവന നിർമ്മാണ ധനസഹായപദ്ധതി.**

2013-14 മുതൽ 2017-18 വർഷംവരെ ഈ പദ്ധതിപ്രകാരം ആർക്കം ധനസഹായം നൽകിയിട്ടില്ലെന്ന് കാണുന്നു

**5.ഭവന പുനരുദ്ധാരണ ധനസഹായം.**

1. 2013-14 സാമ്പത്തികവർഷംആരംഭിച്ച ഈ പദ്ധതിപ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | | | -- |
| 2014-15 | 27 | 27 | -- |
| 2015-16 | 40 | 40 | -- |
| 2016-17 | 45 | 44 | 1 |
| | | | |

2. 2016-17 വർഷത്തെ ശ്രീമതി.കാരിക്കമല, നാരകത്താനി എന്ന ഒരു ഗുണഭോക്താവ് മാത്രമാണ് നിർമ്മാണം പൂർത്തിയാക്കാനുള്ളത്. ഇതുസംബന്ധിച്ച നിലവിലെസ്ഥിതി അറിയിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

3. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**6.പഠനമുറി നിർമ്മാണ ധനസഹായപദ്ധതി.**

2017-18 വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം 35 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പരിശോധനാ കാലയളവായ 31-03-2018 ൽ ആരും നിർമ്മാണം പൂർത്തീകരിച്ചിരുന്നില്ല. പരിശോധനാ തീയതിയായ 21-01-2019 ൽ 20 എണ്ണം പൂർത്തിയാക്കിയതായിബോധ്യപ്പെട്ടു. ശേഷിക്കുന്ന 15 ഗുണഭോക്താക്കളുടെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതും യു.സി അയച്ച് വിവരം അറിയിക്കേണ്ടതുമാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

**7.വിദേശ തൊഴിൽ ധനസഹായം.**

പരിശോധനാ കാലയളവിൽ ഈ പദ്ധതിപ്രകാരം ആർക്കും ധനസഹായം നൽകിയിട്ടില്ലെന്ന് കാണുന്നു.

8.വാൽസല്യനിധി.

സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു. 18 വയസ് പൂർത്തിയാകുന്ന മുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു. ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോ വിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 42 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു. ഇതുസംബന്ധിച്ച പുരോഗതി അറിയിക്കേണ്ടതാണ്.

9.സ്വയം തൊഴിൽ ധന സഹായ പദ്ധതി:

1. 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | -- | -- |
| 2014-15 | 1 | 43,833/- |
| 2015-16 | 9 | 5,40,324/- |
| 2016-17 | 1 | 60,000/- |
| 2017-18 | 1 | 33,333/- |

2. സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പട്ടികജാതിക്കാരുടെ നിരക്ക് ഇതരവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തുലോം തുച്ഛമാണെന്ന് കാണാം. ഈ സാഹചര്യത്തിൽ സ്വയംതൊഴിൽ സംരഭങ്ങളുമായി മന്നോട്ടുവരുന്ന യുവതി യുവാക്കളെ പ്രോൽസാഹിപ്പിക്കുന്നതിനും ഇവർ ആരംഭിക്കുന്ന സംരംഭങ്ങൾ നിന്നുപോകാതെ സംരക്ഷിക്കുന്നതിനും കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഇതിന്റെ ആദ്യപടിയെന്ന നിലയിൽ ധനസഹായം നൽകിയ എല്ലാഗുണഭോക്താക്കളുടേയും വിവരം രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ജനപ്രതിനിധികൾ, പ്രമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ പ്രവർത്തനം വിലയിരുത്താവുന്നതും ആവശ്യമായ നിർദ്ദേശങ്ങൾനൽകി സംരക്ഷണം ഉറപ്പാക്കാവുന്നതുമാണ്. ഇതൊരു മാർഗ്ഗനിർദ്ദേശമായി പരിഗണിക്കാവുന്നതാണ്.

2. വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി യ്ക്ക് സമർപ്പിച്ചതു സംബന്ധിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.ബാങ്ക് സ്റ്റേറ്റ്മെന്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ സൂക്ഷിക്കാൻ നിർദ്ദേശം നൽകുന്നു.

## 10.ടോയിലറ്റ് നിർമ്മാണ ധനസഹായം.

1. 2012-13 മുതൽ 2015-16, വരെയുള്ള വർഷങ്ങളിൽമാത്രമാണ് ടോയ്‌ലറ്റ് നിർമ്മാണ ധന സഹായ പദ്ധതി തുടർന്നിരുന്നത്. ടി വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2012-13 | 100 | 99 | 1 |
| 2013-14 | 145 | 145 | 0 |
| 2014-15 | 61 | 61 | 0 |
| 2015-16 | 150 | 131 | 19 |
| Total | **456** | **436** | **20** |

2. 2012-13 ഒരു ഗുണഭോക്താവും,2015-16 ലെ 19 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 20 പേർ നിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു. നിർമ്മാണം പൂർത്തിയാക്കാനുള്ള 20 ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും തുക കണ്ടെത്തി നിർമ്മാണം പൂർത്തിയാക്കാനുള്ള അവസരമൊരുക്കേണ്ടതും ഇതിന് താൽപര്യം കാട്ടാത്തവർക്കനുവദിച്ച തുക തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

3. അപേക്ഷകൾ സൂക്ഷിക്കുന്നതിനും, രജിസ്റ്റർ പരിപാലിക്കുന്നതിലും സംഭവിച്ച വീഴ്ചകൾ നേരിട്ട് ബോധ്യപ്പെടുത്തുകയും ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. നാലുവർഷംകൊണ്ട് ധനസഹായം നൽകിയ 456 ഗുണഭോക്താക്കളുടേയും വിവരം ഈടുള്ള ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 11.ചികിത്സാധനസഹായം.

1. പരിശോധനാ കാലയളവിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 42 | 5,62,000/- |
| 2014-15 | 46 | 6,82,000/- |
| 2015-16 | 109 | 23,86,000/- |
| 2016-17 | 146 | 15,03,000/- |

| | | |
|---|---|---|
| 2017-18 | 68 | 9,02,000/- |

2.യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

3.ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല.എന്നാൽ അകിറ്റൻസ് നല്ല നിലയിൽ പരിപാലിക്കുന്നുണ്ട്.ഓരോ ബിൽ പ്രാകാരമുള്ള paymentന് ശേഷം abstract എഴുതുന്നുണ്ട്. അപേക്ഷകളും അനുബന്ധരേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്.

4. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 12.വിവാഹധനസഹായം

1. 2013-14 വർഷംമുതൽ 2017-18 വർഷംവരെ വിവാഹധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചുനൽകിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 59 | 29,50,000/-(59X50000) |
| 2014-15 | 37 | 18,50,000/-(37X50000) |
| 2015-16 | 29 | 14,50,000/-(29X50000) |
| 2016-17 | 49 | 24,50,000/-(49X50000) |
| 2017-18 | 40 | 24,75,000/- (21X50000,19X75000) |

2. 2013-14 വർഷത്തെ 40 ഗുണഭോക്താക്കളുടെ യു.സി 30-06-2014 ൽ എം.ബി.300/13 കത്ത് പ്രകാരം ഏ.ജി യ്ക്ക് അയച്ചിട്ടുണ്ട് . രജിസ്റ്ററിലെ പേജ് നം.63,64 ൽ പറയുന്ന 18 ഗുണഭോക്താക്കളുടേയും, പേജ് നം.68 ൽ പറയുന്ന 1 ഗുണഭോക്താവിന്റേയും യു.സി ഏ.ജി യ്ക്ക് അയച്ചിട്ടുള്ളതായി കാണുന്നില്ല.

3. 2014-15 ൽ 37 പേർക്ക് ധനസഹായം അനുവദിച്ചിരുന്നെങ്കിലും 31 ഗുണഭോക്താക്കളുടെ യു.സി മാത്രമാണ് എം.ബി.394/13 തീയതി കത്ത് പ്രകാരം ഏ.ജി യ്ക്ക് അയച്ചിട്ടുള്ളത്. 2015-16, 2016-17, 2017-18 വർഷങ്ങളിൽ യു.സി അയച്ചതായി കാണുന്നില്ല.

4. വിവാഹസർട്ടിഫിക്കറ്റുകൾ (ഒർജിനൽ) അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ഉദാഹരണം ചുവടെ,

1. ശ്രീമതി.പൊന്നമ്മ.കെ.കെ, ഇടശ്ശേരിമേലേത്ത് വീട്, തോട്ടഭാഗം-2016-17,

2. ശ്രീമതി.ഇന്ദിര.കെ.എസ്സ്, തോണിയംകുഴിയിൽ, ചുങ്കപ്പാറ-2017-18

കുടുംബജീവിതത്തിൽ പലയവസരങ്ങളിലും ആവശ്യമായിവരുന്ന പ്രധാനരേഖ ഒരാവശ്യവുമില്ലാതെ ഓഫീസിൽ സൂക്ഷിക്കേണ്ടതില്ല. അവ മടക്കിനൽകി വിവരം അറിയിക്കേണ്ടതാണ്.

5. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ വിവാഹ ധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളും സൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു.

6. അപേക്ഷകളോടൊപ്പം ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ അവശ്യ രേഖയാണെന്നിരിക്കെ ധാരാളം ഗുണഭോക്താക്കൾക്ക് ഈ വ്യവസ്ഥയിൽ ഇളവനുവദിച്ചതായി കാണുന്നു. 2013-14 ലെ 10 ഉം, 2015-16 ലെ 5 ഉം, 2016-17 ലെ 6 ഉം, 2017-18 ലെ 5 ഉം ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

<u>13.മിശ്രവിവാഹധനസഹായം</u> -

1. പരിശോധനാ കാലയളവായ 2013-14 മുതൽ 2017-18 വരെ മിശ്രവിവാഹ ധനസഹായ പദ്ധതിപ്രകാരം ആനുകൂല്യം നല്കിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 5 | 2,50,000/- |
| 2014-15 | 9 | 4,50,000/- |
| 2015-16 | 4 | 2,00,000/- |
| 2016-17 | 3 | 1,50,000/- |
| 2017-18 | 6 | 3,75,000/-(3X50000,3X75000) |

2. മിശ്രവിവാഹ ധനസഹായം അനുവദിക്കപ്പെട്ട ദമ്പതിമാരുടെ പേരിൽ നിശ്ചിത വിലയ്ക്കുള്ള മുദ്രപ്പത്രത്തിൽ ക്രമപ്രകാരമുള്ള എഗ്രിമെന്റ് ടൈപ്പ്ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ .ഈ എഗ്രിമെന്റിൽ എസ്.സി.ഡി.ഒ ഒപ്പ്രേഖപ്പെടുത്തി നിയമപ്രകാരമുള്ള കരാർപത്രമാക്കിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

3. ഗുണഭോക്താളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി. ഉദാ:-

എ. ശ്രീ.ധനേഷ്കുമാർ.കെ&അനിലാറാണി,കപ്പമാവുങ്കൽ,മഠത്തുഭാഗം-2013-14.

ബി. ശ്രീ.ബിബിൻബാലകൃഷ്ണൻക്&രാജലക്ഷ്മി.ആർ,മുണ്ടിയപ്പള്ളി,കവിയൂർ-2017-18

ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്. (വിവാഹ സർട്ടിഫിക്കറ്റുകൾ ഒർജിനൽ ഗുണഭോക്താക്കൾ കൈപ്പറ്റുമ്പോൾ ടി വിവരം രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കളെ കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്.)

4. പത്തനംതിട്ട ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ 19-08-2015 ലെ ഇ.3773/15 ഉത്തരവുപ്രകാരം ഫെനാരത്ത്.എം.എ & ഹണി ഫെനാരത്ത്, ആനക്കുഴിയിൽഹൗസ്, നൂറോമാവ് എന്ന ഗുണഭോക്തൃ ദമ്പതിമാർക്ക് മിശ്രവിവാഹധനസഹായം അനുവദിച്ചിരുന്നെങ്കിലും തുക തേർച്ചചെയ്ത് വിതരണംചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

5. ശ്രീമതി. ശാന്തമ്മ.കെ.എം & ബിജു.കെ, കരുമത്തിൽഹൗസ്, പാലക്കാതകിടി, കുന്നന്താനം-അപേക്ഷപ്രകാരം ധനസഹായം പശുവളർത്തലിന് വിനിയോഗിക്കുമെന്ന് വ്യക്തമാക്കി യിരുന്നു. എന്നാൽ വിനിയോഗം സംബന്ധിച്ച ഒരുരേഖയും കണ്ടെത്താനായില്ല. ടിയാൾ അനുവദിച്ച തുക അനുവദിച്ച ലക്ഷ്യത്തിനായി വിനിയോഗിച്ചെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

6. 2015-16 മുതലുള്ള വർഷങ്ങളിലെ യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പാർട്ട് III(B)

### വിദ്യാഭ്യാസപദ്ധതികൾ.

### 1.ലംപ്സംഗ്രാന്റ് വിതരണം

1. വിവിധ വർഷങ്ങളിൽ എസ്.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/പ്രതിമാസ സ്റ്റൈപ്പന്റ് നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക (ലംപ്സം ഗ്രാന്റ്) | പ്രതിമാസ സ്റ്റൈപ്പന്റ് ലഭിച്ചവർ | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 2013-14 | S.C | 82 | 1788 | 11,24,355/- | 5 | 5750/- |
| | O.E.C | 72 | -- | 8,61,750/- | -- | -- |
| 2014-15 | S.C | 80 | 1738 | 10,48,500/- | 3 | 4000/- |
| | O.E.C | 80 | -- | 8,98,750/- | -- | -- |
| 2015-16 | S.C | 80 | 1616 | 10,88,109/- | 4 | 2500/- |
| | O.E.C | -- | -- | -- | -- | -- |
| 2016-17 | S.C | 80 | 1716 | 10,89,100/- | 4 | 2220/- |
| | O.E.C | -- | -- | -- | -- | -- |
| 2017-18 | S.C | 81 | 1819 | 12,23,750/- | 4 | 2800/- |
| | O.E.C | -- | -- | -- | -- | -- |

2017-18 സാമ്പത്തികവർഷം വരെയുള്ള അക്വിറ്റൻസ് സ്കൂളുകളിൽനിന്നുംലഭിച്ചിട്ടുണ്ട്. അവയുടെ പരിപാലനം കൂടുതൽശ്രദ്ധയോടെ നിർവഹിക്കാൻ നിർദ്ദേശിക്കുന്നു.

**2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.**

1.2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 423 | 9,20,000/- |
| 2015-6 | 427 | 8,84,000/- |
| 2016-17 | 414 | 8,32,000/- |
| 2017-18 | 447 | 8,94,000/- |

2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസും അതോടൊപ്പം സാധനങ്ങൾ വാങ്ങിയ ബില്ല് എന്നിവയും സ്കൂളുകളിൽനിന്നും വാങ്ങി സുക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പുകൾ അതാതു വർഷത്തെ ഫയലുകളിൽതന്നെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .മറ്റ് പരാമർശങ്ങൾ ഇല്ല.

**3.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.**

2017-18 സാമ്പത്തികവർഷം മുതൽക്കാണ് സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് (5 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന കട്ടികൾക്ക്) നൽകാൻ തുടങ്ങിയത്.ടി വർഷം 648 വിദ്യാർത്ഥികൾക്കായി 12,96,000/- രൂപ വിതരണം ചെയ്തതായി കാണുന്നു.മറ്റ് പരാമർശങ്ങൾ ഇല്ല.

**4.പ്രത്യേക പ്രോത്സാഹന സമ്മാനം**

2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 26 | 28,500/- |
| 2014-15 | -- | -- |
| 2015-16 | 86 | 2,13,500/- |
| 2016-17 | 107 | 2,24,000/- |
| 2017-18 | 109 | 2,53,500/- |

മറ്റ് പരാമർശങ്ങളില്ല.വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതുസംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5.ശ്രീ.അയ്യൻകാളി ടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.

1. 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതിയത് | തുടർച്ചാനുമതി | ആകെ കുട്ടികൾ | അനുവദിച്ച തുക |
|---|---|---|---|---|
| 2013-14 | 10 | 8 | 18 | 81,000/- |
| 2014-15 | 13 | 9 | 22 | 99,000/- |
| 2015-16 | 5 | 20 | 25 | 1,12,500/- |
| 2016-17 | 31 | 3 | 34 | 1,53,000/- |
| 2017-18 | 16 | 2 | 18 | 81,000/- |

2. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നു. ഈ രജിസ്റ്റർ തന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയതിവച്ച് ഒപ്പിടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർന്ന ക്ലാസ്സിൽ എത്തുമ്പോൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന നിലവാരം പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനംനടത്തി രക്ഷിതാക്കളുടെ സഹായത്തോടെ പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതും നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ട്യൂഷൻഫീസ് റീ ഇമ്പേഴ്സ്മെന്റ്.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 10-ാം ക്ലാസുവരെ പഠിയ്ക്കുന്ന പട്ടിക ജാതി/മറ്റർഹസമുദായ വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിപ്രകാരം ധനസഹായം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 11 | -- |
| 2014-15 | 17 | -- |
| 2015-16 | 48 | -- |
| 2016-17 | 79 | -- |
| 2017-18 | 23 | -- |

2013-14 വർഷം മുതൽ ട്യൂഷൻ ഫീസ് റീ ഇംമ്പേഴ്സ്മെന്റ് പദ്ധതി പ്രകാരം അനുവദിച്ച തുകകളിൽ അവ്യക്തത നിലനിൽക്കുന്നതായി ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വ്യക്തമായ കണക്ക് അറിയിക്കേണ്ടതാണ്.

## പാർട്ട് IV

## മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാകാലത്ത് 3 രജിസ്റ്ററുകൾ പരിപാലിച്ചിട്ടുണ്ട്. പരിശോധനാസമയത്ത് (21-01-2019) 4190/-രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംതോറും ഫിസിക്കൽ വേരിഫിക്കേഷനും ദ്വൈവാര ഭൗതിക പരിശോധനയും നടത്തുന്നതായി കാണുന്നില്ല. ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോധനയും, മാസഭൗതിക പരിശോധനയും നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ആവശ്യത്തിന് പോസ്റ്റേജ് സ്റ്റാമ്പ് വാങ്ങുമ്പോൾ ലഭിക്കുന്ന രസീത് ടി രജിസ്റ്ററിൽതന്നെ ഒട്ടിച്ച് സൂക്ഷിക്കുന്നതായി കാണുന്നു.

### 2.ഫർണിച്ചർ രജിസ്റ്റർ

31-03-2012 ൽ ആരംഭിച്ചതും നിലവിൽ തുടരുന്നതുമായ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്. അതിനാൽ ടി രജിസ്റ്ററിലെ വിവരങ്ങൾ പുതിയ രജിസ്റ്റർ ആരംഭിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

ഇലക്ട്രോണിക് ഉപകരണങ്ങൾക്കും, ഫർണിച്ചറുകൾക്കും പ്രത്യേകം പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### 3.കണ്ടിജന്റ് രജിസ്റ്റർ:

പരിശോധനാ കാലയളവിൽ കണ്ടിജന്റ് രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചതായി കാണുന്നില്ല. ന്യൂനത പരിഹരിക്കുന്നതിന് നേരിൽ നിർദ്ദേശം നല്കിയിരുന്നു. ഇതുസംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

### 4.പേബിൽ രജിസറ്റർ:

പരിശോധനാകാലയളവിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററിൽ പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തികവർഷവും ജീവനക്കാരുടെ പൂർണ്ണവിവരങ്ങൾ (PEN NOഉൾപ്പെടെ)രേഖപ്പെടുത്തേണ്ടതും മാസംതോറുമുള്ള ശമ്പളവിവരങ്ങൾ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**5.ആസ്തി രജിസ്റ്റർ:**

ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല . വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു.കൂടാതെ നേഴ്സറി സ്കൂൾ, ഹോസ്റ്റലുകൾ, വകുപ്പിന്റെ ഫണ്ടുപയോഗിച്ചു നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്. ഇവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .

**6.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

KFC Vol. I–ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ ഈ ഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**7.മൂവ്മെന്റ് രജിസ്റ്റർ:**

രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**8.ഇൻകുംബന്റ് രജിസ്റ്റർ:**

രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**9.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കാൻ നിർദ്ദേശമുണ്ടെങ്കിലും വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതി സൂക്ഷിക്കുന്ന രീതിയാണ് ഇവിടെ പിൻതുടരുന്നത്. 200 പേജ് ബുക്കിൽ ചുവടെ പറയുന്ന മാതൃകയിൽ വർക്ക്ഡയറി എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

| തീയതി | സമയം.------ മുതൽ----വരെ | സന്ദർശിച്ച സ്ഥലം/സ്ഥലങ്ങൾ | ബന്ധപ്പെട്ട വ്യക്തികൾ/ ഓഫീസുകൾ | നിർവ്വഹിച്ച സേവനങ്ങൾ |
|---|---|---|---|---|
| | | | | |
| | | | | |

**10.ഹാജർ പുസ്തകം.**

എല്ലാ വിഭാഗം ജീവനക്കാരുടേയും (പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റന്റൻസ് രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

**പൊതു അഭിപ്രായം**

തൃപ്തികരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് മല്ലപ്പള്ളി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ്. ബ്ലോക്ക്പഞ്ചായത്ത്, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. ഓഫീസ് രേഖകൾ സൂക്ഷി ക്കുന്നതിനും രജിസ്റ്ററുകളും അക്വിറ്റൻസുകളും പരിപാലിക്കുന്നതിലും കറേക്കൂടി ശ്രദ്ധ കാണിക്കേണ്ട താണ്.

പരിശോധനാകുറിപ്പ് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്,സീനിയർ സൂപ്രണ്ട്,ഫിൻ.ഇ